**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 246** **12-01-2021 - ൽ മറുപടിയ്ക്ക്**

**ശ്രീ ചിത്തിര തിരുനാൾ ആശുപത്രിയിൽ കുട്ടികളുടെ സൗജന്യ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ശ്രീ ചിത്തിരതിരുനാൾ ആശുപത്രിയിൽ പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ സൗജന്യ ചികിത്സ നിർത്തലാക്കിയിട്ടുണ്ടോ; | (എ) | 2014 ഏപ്രിൽ 1 മുതൽ നാഷണൽ ഹെൽത്ത് മിഷൻ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിട്യൂട്ടുമായി ഏർപ്പെട്ടിരുന്ന കരാർ പ്രകാരം ആർ.ബി.എസ്.കെ പദ്ധതി മുഖേന കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി വരികയായിരുന്നു. ഇതിനായി ചിലവാകുന്ന തുക സർക്കാർ ശ്രീചിത്ര തിരുനാൾ ആശുപത്രിക്ക് നൽകി വന്നിരുന്നതിനാൽ ആണ് ശ്രീചിത്ര സൗജന്യമായി ചികിത്സ ലഭ്യമാക്കിയിരുന്നത്. എന്നാൽ കാലോചിതമായി കരാറിന്റെ നിബന്ധനകൾ പുതുക്കിക്കൊണ്ടുള്ള ഡിസംബർ 1, 2020 ലെ കരാർ പ്രകാരം, കുട്ടികൾക്കുള്ള 187 ഹൃദയ ശസ്ത്രക്രിയകൾക്കുള്ള കരാറിൽ ഏർപ്പെടാൻ മാത്രമേ ശ്രീചിത്ര തിരുനാൾ ആശുപത്രി തയാറായിട്ടുള്ളൂ. ആർ.ബി.എസ്.കെ പദ്ധതി പ്രകാരം രാജ്യത്താകമാനം നടപ്പാക്കാനായി തയ്യാറാക്കിയിട്ടുള്ള ചികിത്സാ നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ (നിരക്കുകൾ കുറവായതിനാൽ) സാധിക്കാത്തതാണ് കരാറിൽ ഇപ്രകാരത്തിലുള്ള വെട്ടിച്ചുരുക്കൽ നടത്താൻ കാരണമായി ആശുപത്രി അധികൃതർ അറിയിച്ചിരിക്കുന്നത്. എന്നാൽ പല സ്വകാര്യ ആശുപത്രികളും (അഞ്ച്) ഈ നിരക്കിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നേരിട്ട് ശ്രീചിത്ര അധികാരികളെയും, നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറേയും പങ്കെടുപ്പിച്ച് ചർച്ച സംഘടിപ്പിക്കുകയും, പരിഹാര നിർദ്ദേശമായി നിരക്കുകൾ പുനഃക്രമീകരിച്ച് നടപ്പാക്കുന്നതിനായി ശ്രീചിത്ര അധികാരികളെയും, മിഷൻ ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ നടന്നു വരികയാണ്. കൂടാതെ ചികിത്സാ ലഭ്യത മുടങ്ങാതെ ഉറപ്പാക്കുന്നതിനായുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ മറ്റ് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖാന്തിരം ഉറപ്പാക്കിയിട്ടുണ്ട്. ഇതു കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വിപുലമാക്കി അഷ്വറൻസ് മോഡലിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി കരാർ പുതുക്കുന്നതിനായി ശ്രീചിത്ര തിരുനാൾ ആശുപത്രിയെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമീപിച്ചപ്പോഴും സമാനമായ പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം ദേശീയ തലത്തിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ സാധിക്കില്ല എന്നും ഇതു കൂടാതെ കത്തിടപാടുകൾക്കുള്ള മറുപടിക്കായി ആശുപത്രി അധികൃതർ കേന്ദ്രസർക്കാർ സയൻസ് & ടെക്നോളജി മന്ത്രാലയത്തിനെ സമീപിച്ചിരിക്കുകയാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചെയ്തു വരുന്നു. |
| (ബി) | ചികിത്സാ ചെലവിനായി സർക്കാർ നൽകാനുള്ള തുക കുടിശ്ശിക ആയതാണോ ചികിത്സ നിർത്തിവച്ച് ഉത്തരവിറക്കാൻ കാരണമായതെന്ന് വ്യക്തമാക്കാമോ; | (ബി) | 2014 ഏപ്രിൽ 1 മുതൽ നാഷണൽ ഹെൽത്ത് മിഷൻ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ഏർപ്പെട്ടിരുന്ന കരാർ പ്രകാരം ആർ.ബി.എസ്.കെ പദ്ധതി മുഖേന കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി വരികയായിരുന്നു. ഇതിനായി ചിലവാകുന്ന തുക സർക്കാർ ശ്രീചിത്ര തിരുനാൾ ആശുപത്രിക്ക് നൽകി വന്നിരുന്നതിനാൽ ആണ് ശ്രീചിത്ര സൗജന്യമായി ചികിത്സ ലഭ്യമാക്കിയിരുന്നത്. എന്നാൽ കാലോചിതമായി കരാറിന്റെ നിബന്ധനകൾ പുതുക്കിക്കൊണ്ടുള്ള ഡിസംബർ 1, 2020 ലെ കരാർ പ്രകാരം, കുട്ടികൾക്കുള്ള 187 ഹൃദയ ശസ്ത്രക്രിയകൾക്കുള്ള കരാറിൽ ഏർപ്പെടാൻ മാത്രമേ ശ്രീചിത്ര തിരുനാൾ ആശുപത്രി തയാറായിട്ടുള്ളൂ. ആർ.ബി.എസ്.കെ പദ്ധതി പ്രകാരം രാജ്യത്താകമാനം നടപ്പാക്കാനായി തയ്യാറാക്കിയിട്ടുള്ള ചികിത്സാ നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ (നിരക്കുകൾ കുറവായതിനാൽ) സാധിക്കാത്തതാണ് കരാറിൽ ഇപ്രകാരത്തിലുള്ള വെട്ടിച്ചുരുക്കൽ നടത്താൻ കാരണമായി ആശുപത്രി അധികൃതർ അറിയിച്ചിരിക്കുന്നത്. എന്നാൽ പല സ്വകാര്യ ആശുപത്രികളും (അഞ്ച്) ഈ നിരക്കിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നേരിട്ട് ശ്രീചിത്ര അധികാരികളെയും, നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറേയും പങ്കെടുപ്പിച്ച് ചർച്ച സംഘടിപ്പിക്കുകയും, പരിഹാര നിർദ്ദേശമായി |

| | | | |
|---|---|---|---|
| | | | നിരക്കുകൾ പുനഃക്രമീകരിച്ചു നടപ്പാക്കുന്നതിനായി ശ്രീചിത്ര അധികാരികളെയും, മിഷൻ ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ നടന്നു വരികയാണ്. കൂടാതെ ചികിത്സാ ലഭ്യത മുടങ്ങാതെ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ മറ്റ് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖാന്തിരം ഉറപ്പാക്കിയിട്ടുണ്ട്. ഇതു കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വിപുലമാക്കി അഷ്വറൻസ് മോഡലിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി കരാർ പുതുക്കുന്നതിനായി ശ്രീചിത്ര തിരുനാൾ ആശുപത്രിയെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമീപിച്ചപ്പോഴും സമാനമായ പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം ദേശീയ തലത്തിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ സാധിക്കില്ല എന്നും ഇതു കൂടാതെ കത്തിടപാടുകൾക്കുള്ള മറുപടിക്കായി ആശുപത്രി അധികൃതർ കേന്ദ്രസർക്കാർ സയൻസ് & ടെക്നോളജി മന്ത്രാലയത്തിനെ സമീപിച്ചിരിക്കുകയാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചെയ്തു വരുന്നു. |
| (സി) | നവജാത ശിശുക്കളുടെ ഹൃദയ സംബന്ധമായ അസുഖങ്ങൾ, ശസ്ത്രക്രിയകൾ, ഓട്ടിസം ബാധിച്ച കുട്ടികളുടെ സർജറി, തലയിലെ രക്തസ്രാവം തുടങ്ങി ഒട്ടേറെ അസുഖങ്ങൾ ബാധിച്ച പതിനെട്ട് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പ്രസ്തുത ഉത്തരവ് സൃഷ്ടിച്ച പ്രയാസം പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) | 2014 ഏപ്രിൽ 1 മുതൽ നാഷണൽ ഹെൽത്ത് മിഷൻ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ഏർപ്പെട്ടിരുന്ന കരാർ പ്രകാരം ആർ.ബി.എസ്.കെ പദ്ധതി മുഖേന കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി വരികയായിരുന്നു. ഇതിനായി ചിലവാകുന്ന തുക സർക്കാർ ശ്രീചിത്ര തിരുനാൾ ആശുപത്രിക്ക് നൽകി വന്നിരുന്നതിനാൽ ആണ് ശ്രീചിത്ര സൗജന്യമായി ചികിത്സ ലഭ്യമാക്കിയിരുന്നത്. എന്നാൽ കാലോചിതമായി കരാറിന്റെ നിബന്ധനകൾ പുതുക്കിക്കൊണ്ടുള്ള ഡിസംബർ 1, 2020 ലെ കരാർ പ്രകാരം, കുട്ടികൾക്കുള്ള 187 ഹൃദയ ശസ്ത്രക്രിയകൾക്കുള്ള കരാറിൽ ഏർപ്പെടാൻ മാത്രമേ ശ്രീചിത്ര തിരുനാൾ ആശുപത്രി തയാറായിട്ടുള്ളൂ. ആർ.ബി.എസ്.കെ പദ്ധതി പ്രകാരം രാജ്യത്താകമാനം നടപ്പാക്കാനായി തയ്യാറാക്കിയിട്ടുള്ള ചികിത്സാ നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ (നിരക്കുകൾ കുറവായതിനാൽ) സാധിക്കാത്തതാണ് കരാറിൽ ഇപ്രകാരത്തിലുള്ള വെട്ടിച്ചുരുക്കൽ നടത്താൻ കാരണമായി ആശുപത്രി അധികൃതർ അറിയിച്ചിരിക്കുന്നത്. എന്നാൽ പല സ്വകാര്യ ആശുപത്രികളും (അഞ്ച്) ഈ നിരക്കിൽ കരാറിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെട്ടിട്ടുണ്ട്. നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നേരിട്ട ശ്രീചിത്ര അധികാരികളെയും, നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറേയും പങ്കെടുപ്പിച്ച് ചർച്ച സംഘടിപ്പിക്കുകയും, പരിഹാര നിർദ്ദേശമായി നിരക്കുകൾ പുനഃക്രമീകരിച്ച് നടപ്പാക്കുന്നതിനായി ശ്രീചിത്ര അധികാരികളെയും, മിഷൻ ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ നടന്നു വരികയാണ്. കൂടാതെ ചികിത്സാ ലഭ്യത മുടങ്ങാതെ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ മറ്റ് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖാന്തിരം ഉറപ്പാക്കിയിട്ടുണ്ട്. ഇതു കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വിപുലമാക്കി അഷ്വറൻസ് മോഡലിലേക്ക് മാറുന്നതിന്റെ ഭാഗമായി കരാർ പുതുക്കുന്നതിനായി ശ്രീചിത്ര തിരുനാൾ ആശുപത്രിയെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമീപിച്ചപ്പോഴും സമാനമായ പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം ദേശീയ തലത്തിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ സാധിക്കില്ല എന്നും ഇതു കൂടാതെ കത്തിടപാടുകൾക്കുള്ള മറുപടിക്കായി ആശുപത്രി അധികൃതർ കേന്ദ്രസർക്കാർ സയൻസ് & ടെക്നോളജി മന്ത്രാലയത്തിനെ സമീപിച്ചിരിക്കുകയാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചെയ്തു വരുന്നു. |
| (ഡി) | ഇതു സംബന്ധമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തിട്ടുണ്ടോ; നിജസ്ഥിതി ആരാഞ്ഞ് കമ്മീഷൻ ശ്രീചിത്ര ഡയറക്ടർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; | (ഡി) | ഇതു സംബന്ധിച്ച് ബാലാവകാശ കമ്മിഷൻ CRMP 7438/01-C/C1/2020/KeSCPCR നമ്പരിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് 07/01/2021 ലെ കമ്മിഷൻ ഉത്തരവ് പ്രകാരം റിപ്പോർട്ട് തേടിക്കൊണ്ട് നോട്ടീസ് നൽകിയിട്ടുമുണ്ട്. |
| (ഇ) | ഈ സൗജന്യ ചികിത്സ എന്നത്തേക്ക് പുനഃസ്ഥാപിക്കാനാകും; വിശദാംശങ്ങൾ നൽകുമോ? | (ഇ) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 186 സർക്കാർ ആശുപത്രികളും 369 സ്വകാര്യ ആശുപത്രികളും മുഖാന്തിരം അർഹരായ രോഗികൾക്കുള്ള സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ